**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. 2259. 15/07/2011-ൽ മറുപടിയ്ക്ക്

## കണമലയിൽ പമ്പാനദിക്ക് കുറുകെ പാലം നിർമ്മിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) പമ്പാനദിയിലെ കണമലയിൽ പമ്പാനദിക്ക് കുറുകെ പാലം നിർമ്മിക്കുന്നതിനായി കോട്ടയം ജില്ലയിൽ നിന്നും എത്ര സെന്റ് ഭൂമി ഏറ്റെടുത്ത് നൽകണമെന്നാണ് പി.ഡബ്ല്യു.ഡി ആവശ്യപ്പെട്ടിരിക്കുന്നത് ; | (എ) പമ്പാനദിയിലെ കണമലയിൽ പമ്പാനദിക്ക് കുറുകെ പാലം നിർമ്മിക്കുന്നതിനായി കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിൽ സർവ്വേ നമ്പർ 516/1-ൽപ്പെട്ട 0.698 ഹെക്ടർ (17.26 സെന്റ്) ഭൂമി ഏറ്റെടുത്ത് നൽകണമെന്നാണ് പി.ഡബ്ല്യു.ഡി ആവശ്യപ്പെട്ടിരിക്കുന്നത്. |
| (ബി) പ്രസ്തുത ഭൂമി വീണ്ടെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; ഫയൽ നമ്പർ സഹിതം വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) പൊന്നുംവില നടപടിക്ക് ലാന്റ് റവന്യൂ കമ്മീഷണർ 01.02.2011-ലെ എൽ.ആർ.സി3-42601/2010 നമ്പർ നടപടി ക്രമമനുസരിച്ച് അടിയന്തിര ഖണ്ഡാനുമതി നൽകിയിട്ടുണ്ട്. പൊന്നുംവില നിയമത്തിലെ 6(1) വകുപ്പ് പ്രകാരം പ്രഖ്യാപനം തയ്യാറാക്കുന്ന ജോലി പുരോഗമിച്ചു വരുന്നു. |
| (സി) പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ ; | (സി) കഴിഞ്ഞിട്ടില്ല; പൊന്നുംവില നിയമപ്രകാരമുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരികയാണ്. |
| (ഡി) സ്ഥലമേറ്റെടുക്കൽ നടപടി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (ഡി) കോട്ടയം ജില്ലാ കളക്ടറിൽ നിന്നും ഡ്രാഫ്റ്റ് ഡിക്ലറേഷൻ ലഭിച്ചാലുടൻ ആയത് അംഗീകരിക്കുവാനും ഗസറ്റിൽ പ്രസിദ്ധീകരിക്കുവാനും, ഭൂമിയുടെ അടിസ്ഥാനവില നിർണ്ണയം നടത്തുവാനും നടപടികൾ സ്വീകരിച്ചു വരുന്നു. ഈ നടപടികൾ പൂർത്തീകരിച്ച് ഉടൻ തന്നെ ഭൂമി ഏറ്റെടുക്കുവാൻ കഴിയുമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ